LIBRARY ARCHIVES Kerala Legislative Assembly

ബി.ഡി.ഒ. തസ്തികയിലുള്ള ഒഴിവുകൾ

167 (4602) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി.ഡി.ഒ. തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി. തയ്യാറാക്കിയ ലിസ്റ്റ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) നേരിട്ടുള്ള നിയമനത്തിലൂടെ നികത്തപ്പെടാൻ ബി.ഡി.ഒ.-മാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) നേരിട്ടുള്ള നിയമനംവഴി ബി.ഡി.ഒ. തസ്തികയിലേക്ക് നിയമിക്കപ്പെടാൻ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ ഗ്രാമവികസന വകുപ്പിൽ നിന്നുള്ള എത്ര പേരുണ്ടെന്നും എത്രപേരെ ഇതിനകം നിയമിച്ചുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 10 ഒഴിവുകൾ.

(സി) നേരിട്ടുള്ള നിയമനത്തിന് 5 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ബി.ഡി.ഒ. തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം നടത്താൻ പി.എസ്.സി. തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

വില്ലേജ് എക്സ്റ്റൻഷൻ ആഫീസർമാരുടെ നിയമനം

168 (4603) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ വില്ലേജ് എക്സ്റ്റൻഷൻ ആഫീസർമാരുടെ നിയമനത്തിനുള്ള പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു എന്നും 6 മാസത്തിനുള്ളിൽ എത്ര പേരെക്കൂടി നിയമിക്കും എന്നും വെളിപ്പെടുത്തുമോ ;

(സി) തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ എത്ര വി.ഇ.ഒ.മാരുടെ ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) വി.ഇ.ഒ.മാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പത്തനംതിട്ട ഒഴികെ മറ്റെല്ലാ ജില്ലകളിലും വി.ഇ.ഒ.(ഗ്രേഡ് 2)-മാരുടെ പി.എസ്.സി. ലിസ്റ്റുകൾ നിലവിലുണ്ട്.

(ബി) ആരെയും നിയമിച്ചിട്ടില്ല. ജില്ലയിലെ 23 വി.ഇ.ഒ.മാരുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) തിരുവനന്തപുരം ജില്ലയിൽ 23-ഉം കൊല്ലം ജില്ലയിൽ 5-ഉം വി.ഇ.ഒ.-മാരുടെ ഒഴിവുകൾ നിലവിലുണ്ട്.

(ഡി) ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല.

ലേഡീ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ഒഴിവുകൾ

169 (4604) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസനവകുപ്പിൽ കണ്ണൂർ ജില്ലയിൽ ലേഡീ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുവരെ എത്ര നിയമനം നടത്തി ;

(സി) എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 6 ഒഴിവുകളുണ്ട്.

(ബി) നിയമനം നടത്തിയിട്ടില്ല. എന്നാൽ 3 ഒഴിവുകളിലേക്ക് പി.എസ്.സി. ശുപാർശ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് ട്രെയിനിംഗ് നൽകിവരികയാണ്. ട്രെയിനിംഗ് പൂർത്തിയാക്കുന്നമുറയ്ക്ക് ടി തസ്തികകളിൽ നിയമനം നടത്തുന്നതാണ്.

(സി) നേരത്തേ റിപ്പോർട്ട് ചെയ്ത 3 ഒഴിവുകൾ കഴിച്ച് ബാക്കി 3 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് തടസ്സമില്ല.

പാഡ് കേരളയിൽനിന്നും പിരിച്ചുവിട്ട ജീവനക്കാരൻ

170 (4605) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീപ്പിൾസ് ആക്ഷൻ ഫോർ ഡവലപ്മെന്റ് (കേരള) എന്ന സ്ഥാപനത്തിൽ ഡ്രൈവർ ആയി ജോലി നോക്കവെ പിരിച്ചുവിടപ്പെട്ട ശ്രീ. ബി. റ്റി. സാഗറിന്റെ അപേക്ഷയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;